നം. CEE/5500/2017/KEAM -2018/TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM -2018

# 2018- ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

## പുതുതായി ഉൾപ്പെടുത്തുന്ന ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ താൽകാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കോഴിക്കോട് മുക്കം കെ.എം.സി.റ്റി മെഡിക്കൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലെയും ഇടുക്കി തൊടുപുഴ അൽ അസ്ഹർ ദന്തൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജിലെയും ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം തേടുന്ന ന്യൂനപക്ഷ സമുദായത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് **17.07.2018 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. കൂടാതെ കോഴിക്കോട് മുക്കം കെ.എം.സി.റ്റി മെഡിക്കൽ കോളേജിലെ മൈനോറിറ്റി ക്വാട്ട പ്രവേശനത്തിന് ബോണ്ട് ബാധകമായതിനാൽ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനുള്ള മുസ്ലീം മൈനോറിറ്റി (**MM**) കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് കെ.എം.സി.റ്റി മെഡിക്കൽ കോളേജിലെ മൈനോറിറ്റി ക്വാട്ടയിലേയ്ക്ക് താത്പര്യമുള്ള പക്ഷം അതിനുള്ള സമ്മതം വെബ് പേജിലൂടെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ് എന്നും ബോണ്ട് വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് വെബ്പേജിലൂടെ സമ്മതം അറിയിക്കുന്ന വിദ്യാർത്ഥികളെ ഈ കോളേജിലേയ്ക്കുള്ള മൈനോറിറ്റി ക്വാട്ട കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിരുന്നു. നിശ്ചിത സമയത്തിനകം സർട്ടിഫിക്കറ്റുകൾ/രേഖകൾ അപ്‌ലോഡ് ചെയ്തിട്ടുള്ളതും വെബ് പേജിലൂടെ ഓൺലൈനായി ബോണ്ട് വ്യവസ്ഥയ്ക്കുള്ള സമ്മതം അറിയിച്ചിട്ടുള്ളതുമായ അപേക്ഷകരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അപ്‌ലോഡ് ചെയ്ത രേഖകളിൽ അപാകതകൾ ഉള്ളവരുടെ കാറ്റഗറി തടഞ്ഞുവച്ചിട്ടുണ്ട്. രേഖകളിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങളും ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള കാറ്റഗറി സംബന്ധമായ വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിലും ലഭ്യമാണ്. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ **25.07.2018 ഉച്ചയ്ക്ക് 1 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് എത്തിക്കേണ്ടതാണ്. ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ളവരും ആവശ്യമായ തെളിവുകൾ സഹിതം **25.07.2018 ഉച്ചയ്ക്ക് 1 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പുതുതായി ഈ കാറ്റഗറികളിലേയ്ക്ക് സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം നൽകുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**: മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റിന് മുൻപായുള്ള ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് ഈ കോളേജുകളിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ ഓപ്ഷനുകൾ നൽകിയിരിക്കണം. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ ന്യൂനപക്ഷ വിഭാഗം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
23.07.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**